പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **135** 01-12-14 - ൽ മറുപടിയ്ക്ക്

**കൊയിലാണ്ടിയിൽ നടപ്പാക്കുന്ന വികസന പദ്ധതികൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.ദാസൻ:** | | **ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | ഈ സർക്കാരിന്റെ ഭരണകാലത്ത് കൊയിലാണ്ടി ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാം; ചെലവഴിച്ച തുക എത്ര; വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | എ) | കൊയിലാണ്ടി മത്സ്യബന്ധന തുറമുഖത്തിന്റെ ഭാഗമായ 1515 മീറ്റർ നീളമുള്ള പ്രധാന പുലിമുട്ടിന്റെ അവസാനത്തെ 133 മീറ്റർ നിർമ്മാണവും, വാർഫ്, ലേലപ്പുര റിക്ലമേഷൻ ബണ്ട് എന്നിവയുടെ നിർമ്മാണവും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായ കിണർ, വാട്ടർ ടാങ്ക് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു. 6399 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി 20-06-14 ൽ നൽകിയിട്ടുണ്ട്. തുടർന്ന് ബാക്കി പൂർത്തിയാക്കുവാനുള്ള പ്രവൃത്തികൾക്കായി സാങ്കേതികാനുമതി നൽകുകയും 29-11-14 opening date ആയി pre-qualification Tender ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെ 4857.52 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1578.49 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| ബി) | ഈ സർക്കാരിന്റെ കാലയളവിൽ തീരദേശ റോഡുകൾക്കായുള്ള പുനരുദ്ധാരണ പദ്ധതിപ്രകാരം കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഏതെല്ലാം റോഡുകൾ പുനരുദ്ധരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്; ഓരോ റോഡിനും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന വർഷം തിരിച്ച് വിശദമാക്കുമോ; | ബി | നബാർഡിന്റെ ഗ്രാമീണ അടിസ്ഥാനസൗകര്യ വികസന ഫണ്ടിലുൾപ്പെടുത്തി 2013-14 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കൊയിലാണ്ടി നഗരസഭയിൽ പയ്യോളി മുതൽ ഇരിങ്ങൽ വരെയുള്ള റോഡ് പുനരുദ്ധാരണത്തിനായി 5.00 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ 2011-12 ൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഒരു റോഡിനും, 2012-13 ൽ 8 റോഡുകൾക്കും, 2013-14 ൽ 12 റോഡുകൾക്കും, 2014-15 ൽ 2 റോഡിനും ഭരണാനുമതി നൽകി. വിശദവിവരം അനുബന്ധം ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഈ സർക്കാരിന്റെ ഭരണകാലത്ത് കൊയിലാണ്ടി ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാം; എത്ര തുക ഭരണാനുമതി നൽകി; വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | സി) | 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി കൊയിലാണ്ടി ഫിഷറീസ് സ്കൂളിന്റെ പുനരുദ്ധാരണത്തിനായി 135.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിലുള്ള സ്കൂൾ കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, സ്കൂളിനാവശ്യമായ ഫർണിച്ചറുകൾ, അടുക്കള ഉപകരണങ്ങൾ, കായിക ഉപകരണങ്ങൾ, ലാബ് ഉപകരണങ്ങൾ, ഹൈമാസ്റ്റ് ലൈറ്റ് എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>കൊയിലാണ്ടി RFTHS ന്റെ സുരക്ഷാ അപര്യാപ്തത പരിഹരിക്കുന്നതിനായി കോമ്പൗണ്ട് വാളിന്റെ ഉയരം വർദ്ധിപ്പിക്കുന്നതിനും പുതിയ ഗേറ്റ് സ്ഥാപിക്കുന്നതിനും വേണ്ടി 5.70 ലക്ഷം രൂപയുടെ ഭരണാനുമതി 22-10-11 ന് ഫിഷറീസ് ഡയറക്ടർ നൽകിയിട്ടുണ്ട്. തുടർന്ന് ടെണ്ടർ ചെയ്തപ്പോൾ 23.5% അധിക നിരക്കിൽ നിന്നും 19% അധിക നിരക്കിലേക്ക് കുറയ്ക്കുവാൻ ദർഘാസുകാരൻ തയ്യാറായി. വീണ്ടുമുള്ള കൂടിയാലോചനയിൽ 15% അധിക നിരക്കിലേയ്ക്ക് കുറയ്ക്കുവാൻ ദർഘാസുകാരൻ തയ്യാറാകാത്ത സാഹചര്യത്തിൽ ടെണ്ടർ റദ്ദ് ചെയ്യുകയുണ്ടായി. SoR പരിഷ്കരിച്ചു പ്രകാരം 8.25 ലക്ഷം രൂപയുടെ പരിഷ്കരിച്ച ഭരണാനുമതി 15-07-13 ന് നൽകി 3 പ്രാവശ്യം ടെണ്ടർ ക്ഷണിക്കുകയും ഉണ്ടായി. നീതീകരിക്കാത്തക്ക ടെണ്ടറുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ ക്വട്ടേഷൻ നോട്ടീസ് പ്രസിദ്ധിപ്പെടുത്തിയിട്ടുണ്ട്. |
| ഡി) | തീരദേശ വികസന കോർപ്പറേഷൻ മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികൾ നടപ്പാക്കിവരുന്നു എന്നത് വിശദമാക്കുമോ; ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുക എത്രയെന്നു വ്യക്തമാക്കുമോ; | ഡി) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.<br>1)സംയോജിത മത്സ്യഗ്രാമ വികസനപദ്ധതിയിലുൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷത്തിൽ<br>കുടിവെള്ള വിതരണം - 120.00 ലക്ഷം രൂപ<br>വ്യക്തിഗത ടോയ്‌ലറ്റ് (144 എണ്ണം) -28.80 ലക്ഷം രൂപ<br>വൈദ്യുതീകരണം - 24.26 ലക്ഷം രൂപ<br>ഹൈമാസ്റ്റ്ലൈറ്റ് (4 എണ്ണം)- 24.00 ലക്ഷം രൂപ<br><br>2) 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം നടപ്പിലാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 135.00 ലക്ഷം രൂപയുടെ കൊയിലാണ്ടി ഫിഷറീസ് സ്കൂൾ പുനരുദ്ധാരണം. |

| | | | |
|---|---|---|---|
| | | | 3) തീരദേശ സാമൂഹ്യ അടിസ്ഥാന വികസന പദ്ധതിയിലുൾപ്പെടുത്തി 20.52 ലക്ഷം രൂപയുടെ കൊയിലാണ്ടി പ്രൈമറി ഹെൽത്ത് സെന്ററിന് പുതിയ കെട്ടിട നിർമ്മാണം.<br>4) സമഗ്ര തീരദേശ വികസന പദ്ധതിയിലുൾപ്പെടുത്തി 86.00 ലക്ഷം രൂപയുടെ പയ്യോളി കുടിവെള്ള പദ്ധതി, 37.00 ലക്ഷം രൂപയുടെ ചേമഞ്ചേരി കുടിവെള്ള പദ്ധതി.<br>5) ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം പദ്ധതിയിലുൾപ്പെടുത്തി 115.63 ലക്ഷം രൂപയുടെ പയ്യോളി മത്സ്യമാർക്കറ്റ് നിർമ്മാണം.<br>6) നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിലുൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ.<br><br>പയ്യോളി പ്രൈമറി ഹെൽത്ത് സെന്ററിന് ഐ.പി. ബ്ലോക്ക് നിർമ്മാണം - 1.23 കോടി രൂപ<br>പയ്യോളി ടെക്നിക്കൽ സ്കൂളിന് ഗ്രൗണ്ട്നിർമ്മാണം - 17.00 ലക്ഷം രൂപ<br>പയ്യോളി-ഇരിങ്ങൽ റോഡ് നിർമ്മാണം - 5.00 കോടി രൂപ.<br>ഹൈമാസ്റ്റ്ലൈറ്റ് - ഇരിങ്ങൽ (3 എണ്ണം) - 21.00 ലക്ഷം രൂപ |
| ഇ) | നബാർഡ് സ്കീമുകളിൽ കൊയിലാണ്ടിയിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ? | ഇ) | നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ടിലുൾപ്പെടുത്തി കൊയിലാണ്ടിയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.<br><br>പയ്യോളി പ്രൈമറി ഹെൽത്ത് സെന്ററിന് ഐ.പി. ബ്ലോക്ക് നിർമ്മാണം - 1.23 കോടി രൂപ<br>പയ്യോളി ടെക്നിക്കൽ സ്കൂളിന് ഗ്രൗണ്ട്നിർമ്മാണം - 17.00 ലക്ഷം രൂപ<br>പയ്യോളി-ഇരിങ്ങൽ റോഡ് നിർമ്മാണം - 5.00 കോടി രൂപ.<br>ഹൈമാസ്റ്റ്ലൈറ്റ് - ഇരിങ്ങൽ (3 എണ്ണം) - 21.00 ലക്ഷം രൂപ<br>RIDF 15-ൽ ഉൾപ്പെട്ട 929 ലക്ഷം രൂപ ഭരണാനുമതിയുള്ള കാപ്പാട്-കൊയിലാണ്ടി റോഡിന്റെ നിർമ്മാണം നടന്നുവരുന്നു. |

(signature)

**സെക്ഷൻ ഓഫീസർ**

**തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തി (കൊയിലാണ്ടി)**

അനുബന്ധം-എ

| ക്രമ നമ്പർ | റോഡിന്റെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) |
|---|---|---|
| | **2011-12** | |
| 1 | ഐസ് പ്ലാന്റ് റോഡ് | 21.00 |
| | **2012-13** | |
| 2 | നടുക്കണ്ടി മുഹമ്മദ് സ്മാരക റോഡ് | 31.00 |
| 3 | ചെങ്ങോട്ടുകാവ് വില്ലേജ് ഓഫീസ് മുതൽ മാടാക്കര എൽ.പി.സ്കൂൾ റോഡ് | 56.50 |
| 4 | പുളിയഞ്ചേരി എൽ.പി. സ്കൂൾ - പെരുങ്കുനി കോളനി റോഡ് | 68.00 |
| 5 | ചൊറിയൻപാൽത്താര-കൊളവിപ്പാലം റോഡ് | 24.00 |
| 6 | അഴീക്കൽ അഴിമുഖ റോഡ് | 85.00 |
| 7 | എൻ.എച്ച്. പോസ്റ്റോഫീസ് മുതൽ ബീച്ചുവരെയുള്ള റോഡ് | 58.00 |
| 8 | വലിയകത്തുമുക്ക് കൂടയിൽതാഴെ റോഡ് | 28.40 |
| 9 | എൻ.എച്ച്. പോസ്റ്റോഫീസ് മുതൽ ബീച്ച് വരെയുള്ള റോഡ് | 68.50 |
| | **2013-14** | |
| 10 | കോട്ടകടപ്പുറം കൊളാവി ശ്രീകൃഷ്ണ ക്ഷേത്രം റോഡ് | 59.00 |
| 11 | മുത്തയം ബീച്ച് റോഡ് | 12.52 |
| 12 | എൻ.കെ.ഇബ്രാഹിംപീടിക മുതൽ തിരുമുക്ക് റോഡ് | 22.77 |
| 13 | ഗുരുകുലം ബീച്ച് റോഡ് | 60.60 |
| 14 | കൊളവി ബ്രിഡ്ജ് ഫിഷറീസ് റോഡ് | 41.52 |
| 15 | തുവയിൽ പൊയിൽക്കാവ് ബീച്ച് റോഡ് | 26.36 |
| 16 | പൊയിൽക്കാവ് മാടാക്കര ബീച്ച് റോഡ് | 7.85 |
| 17 | അരങ്ങടത്ത് എഴുകുടിക്കൽ ബീച്ച് റോഡ് | 30.00 |
| 18 | മാർക്കറ്റ് ചുങ്കം ഐസ് പ്ലാന്റ് റോഡ് | 14.10 |
| 19 | നന്തിവളയിൽ ബീച്ച് റോഡ് | 27.94 |
| 20 | കുന്നംകോട്ട് പുന്നോട്ടിൽ ഇലാഹിയ പള്ളി നാരങ്ങോലി പാലം റോഡ് | 90.00 |
| 21 | തിക്കോടി പഞ്ചായത്ത് ബസാർ -തിക്കോടി ബീച്ച് റോഡ് | 36.00 |
| | **2014-15** | |
| 22 | വലിയതോട് ഗുരുകുലം ബീച്ച് റോഡിന് കുറുകെയുള്ള കൾവർട്ട് നിർമ്മാണം | 37.00 |
| 23 | പള്ളിമുക്ക് ജുമാ മസ്ജിദ് റോഡ് | 42.87 |

സെക്ഷൻ ഓഫീസർ